(സി ആന്റ് ഡി) സുനാമി ദുരിതബാധിതർക്ക് റവന്യൂ വില്ലേജ് അടിസ്ഥാനത്തിൽ സഹായങ്ങൾ നൽകി വരുന്നു. ഈ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കു മാത്രമായി ആശ്വാസ പ്രവർത്തനങ്ങൾ നടത്താൻ കഴിയില്ല. ആ പ്രദേശങ്ങളിലെ അർഹരായവർക്കാണ് സഹായം എത്തിക്കുന്നത്. ആയതിനാൽ ദുരിതബാധിത മത്സ്യത്തൊഴിലാളി ഗ്രാമങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന്റെ ആവശ്യം വരുന്നില്ല.

ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് വില്ലേജുകൾ ദുരിതബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത്.

കാലവർഷക്കെടുതിയിൽ നാശനഷ്ടങ്ങൾ

109 [2176] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ കാസർഗോഡ് ജില്ലയിൽ എന്ത് തുകയുടെ നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) വീടുകൾ നശിച്ചവർക്ക് അവ പുതുതായി നിർമ്മിക്കുന്നതിനും, നാശനഷ്ടം സംഭവിച്ചവ പുതുക്കിപ്പണിയുന്നതിനും, ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) വിളകൾ നശിച്ചവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2004-ലെ കാലവർഷക്കെടുതിയിൽ കൃഷിനാശവും വീടുകൾക്കുള്ള നാശവുംമൂലം ജില്ലയിൽ 5,00,17,841 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ബി) വീടുകൾ പൂർണ്ണമായി നശിച്ച 139 പേർക്ക് 7,27,100 രൂപയും, വീടുകൾ ഭാഗികമായി നശിച്ച 1023 പേർക്ക് 11,28,925 രൂപയും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) വിളകൾ നശിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ പ്രിൻസിപ്പൽ കൃഷി ഓഫീസർ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly